വെള്ളാങ്ങല്ലൂർ പഞ്ചായത്തിലെ കണ്ണോലിച്ചിറ തോട് ആഴം കൂട്ടിയതുമൂലം ഉായ കൃഷിനാശം

324 [1255] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽ വെള്ളാങ്ങല്ലൂർ പഞ്ചായത്തിൽ കൃഷി വകുപ്പുവഴി ഇക്കഴിഞ്ഞ വേനലിൽ കണ്ണോലിച്ചിറ തോടിന്റെ ആഴം പാടത്തിന്റെ നടുവിലൂടെ കൂട്ടിയത് സമീപത്തുള്ള നിലക്കാരുടെ പരാതിക്കിടയാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തി കർഷകർക്ക് നാശനഷ്ടം വരുത്തിയതിന് പരിഹാരം ഉണ്ടാക്കുമോ;

(സി) തോട് ആഴം കൂട്ടി രണ്ടുവശത്ത് മണ്ണു നിറച്ചതുവഴി ഈ കാലവർഷാരംഭത്തിലെ ശക്തമായ മഴയിൽ നിലം ഇടിഞ്ഞു പോകുകയും ഇരുവശങ്ങളിലും വെള്ളം ഉയരുകയും ചെയ്ത് വൻകൃഷിനാശം സംഭവിച്ചതിന് ശാശ്വത പരിഹാരത്തിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് 2004-2005 വർഷത്തിലെ കേരള വികസന പദ്ധതിയിൽ ഉൽപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണിത്. ഇതിനെതിരായി പരാതികളൊന്നും കൃഷിവകുപ്പിനു ലഭിച്ചിട്ടില്ല.

(ബി) & (സി) പരാതി ലഭിച്ചാൽ അന്വേഷണം നടത്തുന്നതാണ്.

ഫ്ളോറി ക്ലബ്ബുകളുടെ പ്രവർത്തനം

325 [1256] *ശ്രീ. എ. എ. അസീസ് :*

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫ്ളോറി ക്ലബ്ബുകളാണ് പ്രവർത്തിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഫ്ളോറി ക്ലബ്ബുകളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലുോ; ഉെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 328 ഫ്ളോറി ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly